"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സാങ്കേതിക വിദ്യാഭ്യാസം- തിരുവനന്തപുരം എൽ.ബി.എസ്. സെന്ററിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ശ്രീമതി. ലീന മേരി ജോണിന് അന്യത്ര സേവന കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാതൃ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.1083/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 25/08/2020

---

പരാമർശം:- 1 23.08.2017 തീയതിയിലെ സ.ഉ (സാധാ) നം. 1565/2017/ഉവിവ

2 12.12.2018 തീയതിയിലെ സ.ഉ (സാധാ) നം. 2237/2018/ഉവിവ

3 26.10.2019 തീയതിയിലെ സ.ഉ (സാധാ) നം. 1921/2019/ഉവിവ

4 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 1.08.2020, 20.08.2020 എന്നീ തീയതികളിലെ ഇ.സി.6/19570/17/ഡിടിഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃപ്രയാർ, ശ്രീരാമ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റായിരുന്ന ശ്രീമതി ലീന മേരി ജോൺ പരാമർശം 1 മുതൽ 3 വരെയുള്ള ഉത്തരവുകൾ പ്രകാരം തിരുവനന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 02.09.2017 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നതായും ടിയാളുടെ അന്യത്ര സേവന കാലാവധി 01.09.2020ന് അവസാനിക്കുന്ന സാഹചര്യത്തിൽ കാസർഗോഡ്, തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലനിൽക്കുന്ന ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലെ തുറന്ന ഒഴിവിൽ 02.09.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 4ലെ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം 02.09.2017 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ലീന മേരി ജോണിനെ ടിയാളുടെ അന്യത്ര സേവന കാലാവധി 01.09.2020ന് അവസാനിക്കുന്ന സാഹചര്യത്തിൽ കാസർഗോഡ്, തൃക്കരിപ്പൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലനിൽക്കുന്ന ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ഹെഡ്

**File No.HEDN-L3/167/2020-HEDN**

ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തികയിലെ ഉറന്ന ഒഴിവിൽ 02.09.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺലാൽ.എസ്.**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, നന്ദാവനം, പാളയം,തിരുവനന്തപുരം

ശ്രീമതി.ലീന മേരി ജോൺ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഇൻ ഇലക്ട്രോണിക്സ് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക്ക് കോളേജ്, തൃക്കരിപ്പൂർ, കാസർഗോഡ്

പ്രിൻസിപ്പൽ, ശ്രീരാമ സർക്കാർ പോളിടെക്നിക്ക് കോളേജ്, തൃപ്രയാർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ്), തിരുവനന്തപുരം/ കോട്ടയം

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ